
# പേടകം





# പേടകം - 2T20

## ലിറ്റിൽ കൈറ്റ്സിന്റെ അറിവിന്റെ പേടകം

ST MARY’S HSS KURAVILANGAD



**ആർച്ച് പ്രീസ്റ്റ് ഡോ. ജോസഫ് തടത്തിൽ**

**മാനേജർ**



## ശ്രീ.  ജോർജ്ജുകുട്ടി ജേക്കബ്

**(ഹെഡ് മാസ്റ്റർ )**

# ഞങ്ങളുടെ വിദ്യാലയം



ST MARY'S HSS KURAVILANGAD

# പത്രാധിപസമിതി



സിബി സെബാസ്റ്റ്യൻ



സി.റാണി മാത്യു



ജോസിൻ ജോസ്




ജെസ്വിൻ ഫ്രാൻസിസ്



എബിൻറോജൻ



സിമിൽ ചാർളി



ആഷിക് റ്റോമി

## എഡിറ്റോറിയൽ



**ച**രിത്രമുറങ്ങുന്ന കുറവിലങ്ങാടിന്റെ ആദ്ധ്യാത്മികതയുടെയും വൈജ്ഞാനിക നിറവിന്റെയും സൗരഭ്യം പേറുന്ന ഞങ്ങളുടെ സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ ശതോത്തര ജൂബിലി ആഘോഷങ്ങളുടെ നിറവിലാണ് . കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച്ഡീക്കൻ തീർത്ഥാടന ദൈവാലയത്തിന്റെ കീഴിൽ 1894 ൽ സമാരംഭിച്ച ഈ സ്കൂൾ കുറവിലങ്ങാടിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ശോഭയേറിയ ദീപസ്തംഭമായി നിലകൊള്ളുന്നു .

ക്രാന്തദർശിയായ നിധീരിക്കൽ മാണിക്കത്തനാർ ആരംഭിച്ച ഈ സ്കൂൾ അനേകം മഹത്‌വ്യക്തികൾക്ക് വിദ്യപകർന്നു നൽകി ഇത് അഭിമാനപുരസ്സരം നിലകൊള്ളുന്നു . നമ്മുടെ പൂർവ്വികർ ദീർഘവീക്ഷണത്തോടെ വിഭാവനം ചെയ്ത് ഈ സ്കൂൾ ഈ നാടിന്റെ ഐശ്വര്യവും വെളിച്ചവുമാണ് ഗ്രാമത്തിന്റെ വിശുദ്ധിയും നഗരത്തിന്റെ ആധുനികതയും ഇവിടെ പ്രകടമാണ് . ജാതി മത വർഗ്ഗവർണ്ണ ഭേദമെന്യേവിദ്യ തേടി എത്തുന്ന

ഏവർക്കും കുബേര കുചേല വ്യത്യാസം ഇല്ലാതെ വിദ്യ അഭ്യസിക്കാൻ ഇവിടെ സാധിക്കുന്നു .

കേരളസർക്കാരിന്റെ പദ്ധതിയായ ലിറ്റിൽ കൈറ്റ്സിലൂടെ നമ്മുടെ സ്കൂളിനും മികച്ച പുരോഗതി കൈവരിക്കാൻ സാധിച്ചു എന്നത് അഭിമാനാർഹമാണ് . കംപ്യൂട്ടർ, ഡിജിറ്റൽ ക്യാമറ, എൽ.സി .ഡി പ്രൊജക്ടർ പോലുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങൾ നമ്മുടെ കുട്ടികൾ കൈകാര്യം ചെയ്യുന്നതും ഉപയോഗിക്കുന്നതുമെല്ലാം ആശ്ചര്യത്തോടും അതിലേറെ അഭിമാനത്തോടും കൂടിയെ നമുക്കു കാണാൻ കഴിയൂ . സ്കൂളിന്റെ ശതോത്തര ജൂബിലിയുടെ നല്ല ഓർമ്മകൾക്ക് മുന്നിൽ ഈ ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നതിന് ഏറെ സന്തോഷമുണ്ട് ഇതിന് പിന്നിൽ അദ്ധ്വാനിച്ച എല്ലാ കുട്ടികളെയും അദ്ധ്യാപകരെയും പ്രോത്സാഹിപ്പിച്ച എല്ലാ നല്ല മനസ്സുകളെയും ദൈവതിരുമുമ്പിൽ ഓർത്തുക്കൊണ്ട് ഈ സ്കൂളിനായി ഈ മാഗസിൻ സമർപ്പിക്കുന്നു.

ചിഫ് എഡിറ്റർ

**സിബി സെബാസ്റ്റ്യൻ**

# പത്രാധിപസമിതി

**ചീഫ് എഡിറ്റർ :** സിബി സെബാസ്റ്റ്യൻ

**എഡിറ്റർ :** സി. റാണി മാത്യു

**അംഗങ്ങൾ**

ജോസിൻ ജോസ്

എബിൻ റോജൻ

സിമിൽ ചാർളി

ആഷിക് റ്റോമി

ജെസ്വിൻ ഫ്രാൻസിസ്

**പ്രസിദ്ധീകരണം**

ലിറ്റിൽ കൈറ്റ്സ്

സെന്റ് മേരീസ് HSS കുറവിലങ്ങാട്



# ആശംസ

നമ്മുടെ വിദ്യാഭ്യാസരംഗം നൂതനമായ പഠനങ്ങൾക്കും പരിഷ്കാരങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ വിദ്യാർഥികളും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവരും സമൂഹത്തിന്റെ പുരോഗതി ലക്ഷ്യമിടുന്നവരും വലിയ ജാഗ്രതയോടും തുറവിയോടും കൂടി ചിന്തിക്കുകയും പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത് കാലിക പ്രാധാന്യമുള്ള ഒരു ആവശ്യമാണ് .

അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം ആർജിക്കേണ്ടതാണ് എന്ന തിരിച്ചറിവിൽ നിന്ന് ചിട്ടപ്പെടുത്തിയിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് പോലുള്ള പദ്ധതികൾ അറിവും കഴിവും സാങ്കേതിക വൈദഗ്ധ്യവുമുള്ള ഒരു തലമുറയെയാണ് നമ്മുടെ വിദ്യാലയങ്ങളിൽ വളർത്തിക്കൊണ്ടു വരുന്നത്. വിവരവിനിമയ

സാങ്കേതിക കഴിവുകൾ ഉപയോഗപ്പെടുത്തി 'പേടകം 2T20' എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാസിക ശരിയായ ദിശയിലുള്ള വിദ്യാഭ്യാസ പുരോഗതിക്ക് നമ്മുടെ കുട്ടികളെ പ്രാപ്തരാക്കട്ടെയെന്ന് ആശംസിക്കുന്നു. ഈ സൃഷ്ടിയുടെ പിന്നിൽ നിറയുന്ന സംഘപ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ അഭിനന്ദനങ്ങൾ. കൈറ്റ് മാസ്റ്ററും മിസ്ട്രസുമായി പ്രവർത്തിക്കുന്ന സിബി സാറിനും ലിസ്യൂ റാണി സിസ്റ്ററിനും SITC നൈസി ടീച്ചറിനും എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും എല്ലാവിധ ആശംസകളും.

സ്നേഹപൂർവ്വം

ജോർജ്ജ്കുട്ടി ജേക്കബ്ബ്

ഹെഡ് മാസ്റ്റർ.

# ഉള്ളടക്കം


ഉള്ളടക്കം........11
ജീവന്റെ അപ്പം........17
അധ്യാപകൻ........20
കരുണാനദിയമ്മയാക്കണേ........21
കുട്ടിക്കവിത........23
സ്കൂൾ........23
വെള്ളം........23
വിസ്മയത്തുമ്പത്ത്........25
ജൂബിലി ഗാനം........28
പെനുവേൽ........29
ആഫ്രിക്കന് തവളയുടെ മൂലകോശത്തില് നിന്ന് റോബട്........33
വിഷം തിന്നുന്ന മലയാളി........34
കൊറോണ വൈറസ്........37
കൊറോണ വൈറസ്........39
കവിത........40
ജീവലോകത്തെ........41
പരസ്പരാശ്രയത്വം........41
പുകയിലയെ പ്രതിരോധിക്കാം........44
കുട്ടിക്കവിതകൾ........47
പൂന്തോട്ടം........47
ഉത്സവം........48
കൂട്ടുകാർ........48
ചെടികൾ........49

ലേഖനം



സിമിൽ ചാർളി 9A

## ശാസ്ത്ര സാങ്കേതിക വിദ്യ ആധുനിക വിദ്യാഭ്യാസത്തിൽ

**ശാ**സ്ത്രം കണ്ടുപിടിത്തങ്ങളുടെ ശൃഖലയെ അനുനിമിഷം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു . ആദിമശിലായുഗത്തിൽ മൃഗതുല്യജീവിതം പുലർത്തിയിരുന്ന മാനവർ കംപ്യൂട്ടർ യുഗത്തിലാണ് ഇന്നു ജീവിക്കുന്നത്. സ്വപ്നങ്ങളും ആഗ്രഹങ്ങളും ഏറ്റം മുന്തി നിൽക്കുന്ന സമയമാണെല്ലോ കുട്ടിക്കാലം . എന്നാൽ ഇന്നത്തെ സ്വപ്നങ്ങൾക്ക് ടെക്നോളജിയുടെ പരിവേഷമാണ്. കമ്പ്യൂട്ടറുകളും ഇന്റർനെറ്റും മിക്ക വിദ്യാർത്ഥികൾക്കും ഇന്ന് കൈയ്യിലൊതുങ്ങുന്ന പഠനസഹായികളാണ് മനുഷ്യസൃഷ്ടിപോലും ശാസ്ത്രത്തിന് പ്രാപ്യമായെന്നു കരുതുന്ന ഈ നാളുകളിൽ ശാസ്ത്രത്തിന്റെ പരിമിതിയെക്കുറിച്ചും കുട്ടികൾ ബോധവാന്മാരാകേണ്ടതുണ്ട്.

ആധുനിക വിദ്യാഭ്യാസത്തിലൂടെ വൻ ശാസ്ത്രസാങ്കേതിക പുരോഗതിയിലേക്കാണ് നാം നീങ്ങുന്നത്. ഹൈടെക്ക് ക്ലാസ്സ്റൂറികൾ ശാസ്ത്രപുരോഗതിയിൽ വൻ പങ്കു വഹിക്കുന്നു. കേരള സർക്കാർ പദ്ധതിയായലിറ്റിൽ കൈറ്റ്സിലൂടെ കുട്ടികൾ ശാസ്ത്രലോകത്തേക്ക് കുതിച്ചുയരുകയാണ് .

വിവരവിനിമയ സാങ്കേതികവിദ്യകളുടെ വ്യാപകമായ ഉപയോഗം തന്നെയാണ് നമ്മുടെ സമൂഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത കമ്പ്യൂട്ടറും ഇന്റർനെറ്റും മൊബൈൽ ഫോണും അടുത്ത കാലത്ത് സമൂഹത്തിൽ വ്യാപകമായ പ്രചാരം നേടി മൊബൈൽഫോണിന് ദൂശ്യവശങ്ങളും അതുപോലെ തന്നെ നല്ല വശങ്ങളുമുണ്ട്.

**<u>ഹൈടെക് ക്ലാസ്സ്റൂറികൾ ആധുനിക വിദ്യാഭ്യാസത്തിൽ</u>**

1. ആധുനിക വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുകയാണ് ഹൈടെക് ക്ലാസ്സ്റൂറികൾ. സ്കൂളുകളിലെ ഹൈടെക് ക്ലാസ്സ്റൂറികളുടെ സാന്നിധ്യത്താൽ കുട്ടികൾ ശാസ്ത്രസാങ്കേതിക വിദ്യയിൽ വളരെയധികം പുരോഗമിച്ചു കഴിഞ്ഞു . ശാസ്ത്രം പുരോഗമിക്കുമ്പോൾ കുട്ടികളും മാനസികമായ പുരോഗമിക്കണം . ശാസ്ത്രത്തിന്റെ വളർച്ച നമ്മുടെ ജീവിതത്തിലും പ്രാഭല്യത്തിൽ വരുത്തണം. ഹൈടെക് ക്ലാസ്സ്റൂറികളിലൂടെ കുട്ടികളുടെ പഠനം ഇപ്പോൾ കംമ്പ്യൂട്ടറിഷ്ഠിതമായിരിക്കുകയാണ് .ഈ തരത്തിലുള്ള പഠനം നമ്മുടെ ഭാവിയെ സഹായിക്കും .

ഹൈടെക് വിദ്യാലയങ്ങൾ ശാസ്ത്രസാങ്കേതിക വിദ്യയുടെ പുരോഗതിയുടെ നെടും തൂണാണ്.

## ലിറ്റിൽ കൈറ്റ്സിലൂടെ ശാസ്ത്രപുരോഗതി

കേരള സർക്കാരിന്റ പദ്ധതിയായ ലിറ്റിൽ കൈറ്റ്സിലൂടെ നമ്മുക്ക് ആധുനിക വിദ്യാഭ്യാസത്തിൽ വൻ ശാസ്ത്ര പുരോഗതി കൈവരിക്കാൻ സാധിച്ചു. കേരളത്തിലെ എല്ലാ സ്കൂളുകളിലും തന്നെ ലിറ്റിൽ കൈറ്റ്സ് എന്ന സംഘടന പ്രാബല്ല്യത്തിൽ വന്നിട്ടുണ്ട്. സ്കൂളിൽ നിന്ന് തെരെഞ്ഞെടുക്കുന്ന കുട്ടികൾക്ക് കംപ്യൂട്ടർ അധിഷ്ഠിതമായ പരിശീലനം നൽകുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് .ലിറ്റിൽ കൈറ്റ്സിലൂടെ വളരുന്ന കുട്ടികൾക്ക് ഭാവിയിൽ സോഫ്റ്റ്‌വെയർ കമ്പനികൾ പോലെയുള്ള കമ്പനികൾ ജോലി സാധ്യത ഉണ്ട്. ആധുനിക വിദ്യാഭ്യാസത്തിൽ വൻ പുരോഗതിയാണ് ലിറ്റിൽ കൈറ്റിസിലൂടെ കൈവന്നിരിക്കുന്നത്.

## ശാസ്ത്ര പുരോഗതിയുടെ ദൂശ്യഫലങ്ങൾ

ശാസ്ത്രസാങ്കേതിക പുരോഗതിയുടെ ഏറെ ചടുലമായ ചിന്താവീഥികളിൽ ദൈവത്തെ മറന്ന ചിലരെ നാം കണ്ടുമുട്ടുന്നു. മനുഷ്യ സൃഷ്ടിപോലും ശാസ്ത്രത്തിന്റെ പ്രാപ്യമായെന്നു കരുതുന്ന ഈ നാളുകളിൽ ശാസ്ത്രത്തിന്റെ പരിമിതിയെക്കുറിച്ചും കുട്ടികൾ ബോധവാന്മാരാകേണ്ടതുണ്ട്.പുതുമയും ആസ്വാദ്യതയും

ബന്ധങ്ങൾ വളർത്താനുള്ള സൗകര്യവും ഒക്കെ കോർത്തിണക്കി ഇന്റർനെറ്റും മൊബൈലും എല്ലാം പല രീതിയിൽ കുട്ടികളെ അപകടത്തിലാക്കാം. വഴിയിലെ സുരകഷിതത്വംചില്ലപ്പോൾ ഇന്റ്ർനെറ്റിൽ  ലഭിക്കാതെ പോകാം. സൈബർയുഗം മനുഷ്യന്റെ മുമ്പിൽ ഒട്ടേറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട് സൈബർ യുഗത്തിൽ സ്വന്തം ഐഡന്റിറ്റി മറച്ചു വച്ചുകൊണ്ട് ചിലർ  നടത്തുന്ന ആക്രമണങ്ങൾ തീർച്ചയായും അപലപിക്കപ്പെടണം .

ഒരു മൊബൈൽ ഫോൺ ഉപയോഗിക്കുമ്പോഴും ഇന്റർനെറ്റിൽ നാം മറ്റുള്ളവരുമായി സമ്പർക്കം സ്ഥാപിക്കുമ്പോഴും വിശ്വാസത്തിൽ നാം ആർജ്ജിച്ച ധാർമ്മിക മൂല്യങ്ങൾ നമുക്കു വെളിച്ചം പകരണം . ശാസ്ത്രപുരോഗതി നമ്മുടെ ജീവിതത്തിന് ഉപകാരപ്രദമാകട്ടെ.




# ജീവന്റെ അപ്പം

പ്രഭാതത്തിന്റെ കിരണങ്ങൾഭൂമിയിൽ പതിച്ചു. പക്ഷികളുടെ കിളിനാദങ്ങളും രാത്രിയിൽ വിരിഞ്ഞ പൂക്കളുടെ നറുസുഗന്ധവും പ്രഭാതത്തെ വർണ്ണപൂരിതമാക്കിത്തീർത്തു. പതിവുപോലെ ആബേൽ തന്റെ കുഞ്ഞിക്കൈകൾ കൊണ്ട് നെറ്റിയിൽ കുരിശടയാളം വരച്ച് ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് , കിടക്കയില് നിന്ന് എഴുന്നേറ്റു. ഒരു കാലിനു മുടന്തുള്ള തന്റെ പാദങ്ങളെ വകവയ്ക്കാതെ അവൻ അടുക്കളയിലേയ്ക്ക് ഓടി. അവിടെ തന്റെ പ്രിയപ്പെട്ട അമ്മ ബാർലിയപ്പം ഉണ്ടാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവൻ അമ്മയോടു പറഞ്ഞു. അമ്മേ ഈ പ്രദേശത്തുനിന്ന് കുറച്ചുപേർ ഈശോയെന്നൊരാളെ കാണാൻ പോകുന്നുണ്ട്. അദ്ദേഹം വലിയ അത്ഭുത പ്രവർത്തകനാണ്.ഈശോ വിചാരിച്ചാൽ നമ്മുടെ അപ്പച്ചൻ സുഖം പ്രാപിക്കും. നമുക്കും ഒന്നു പോകാം. ഇതുകേട്ട അമ്മ വ്യസനത്തോടെ പറഞ്ഞു. ഞാനെങ്ങനെ വരാനാ.ഞാൻ കുറച്ചു സമയം പോലും മാറിനിന്നാൽ അത്

അപ്പച്ചനു വേദനയാ. ഞാൻ വരുന്നില്ല. അമ്മയുടെ വാക്കുകൾ അവന് വിഷമമായി. ആബേൽ പറഞ്ഞു. െന്റെ ചേച്ചി ഇപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽഎന്റെ കൂടെ എല്ലാക്കാരയങ്ങൾക്കും വന്നേനേ. ഇതു കേട്ട അമ്മയുടെ കണ്ണിൽ നിന്ന് കണ്ണുനീർ വീണെങ്കിലും അവനറിയാതെ ആ കണ്ണീർതുടച്ചുകൊണ്ട് അമ്മ പറഞ്ഞു. മോൻ വിഷമിക്കേണ്ട. ദൈവം നമ്മെ കൈവിടുകയില്ല. അവരോടൊപ്പം മോനും പൊയ്ക്കോള്ളു. ഈശോയ്ക്കു കൊടുക്കാനായ് ഞാൻ നിന്റെ കൈയിൽ അഞ്ചു ബാർലിയപ്പവും രണ്ടു മീനും തന്നുവിടാം. എനിക്ക് അതു മാത്രമേയുള്ളു നിനക്കു തരാൻ. നീ ഇതുമായ് ഈശോയുടെ ശിഷ്യനായ അന്ത്ര.ോസിന് കൊടുക്കണെ. അദ്ദേഹം നമ്മുടെ ബന്ധു കൂടിയല്ലേ? തിരക്കിനിടയിൽ ഈശോയെ കാണാൻ നിനക്കു സാധിച്ചെന്നു വരികയില്ല. അദ്ദേഹമത് ഈശോയ്ക്കു കൊടുത്തുകൊള്ളും.

ഇതുകേട്ട മാത്രയിൽ ആബേൽ സന്തോഷം കൊണ്ടുതുള്ളിച്ചാടി. അയൽക്കാരോടൊപ്പം ഈശോയുടെ അരികിലേയ്ക്കു ഓടി. ആൾക്കൂട്ടത്തിൽ ഏറ്റവും ചെറുതായിരുന്നതിനാലും കാലിനു മുടന്തുള്ളതിനാലും ഇവൻ പിറകിലായിരുന്നു. ഈ കുഞ്ഞിനെ കണ്ട ക്ഷണത്തിൽ അന്ത്രയോസ് കുഞ്ഞിന്റെ അരികിലേയ്ക്കു വന്നു. കാര്യങ്ങളെല്ലാം പറഞ്ഞിട്ട് അവൻ അപ്പവും മീനുംഅന്ത്രയോസിനെ ഏല്പിച്ചു. അന്ത്രയോസ് ആദ്യം നിരസിച്ചുകൊണ്ടു പറഞ്ഞു. ഇപ്പോൾ നീ ഇത് നീ

കൈവശംവച്ചോളൂ. ആൾക്കൂട്ടം പിരിഞ്ഞു കഴിയുമ്പോഴ് ഞാൻ ഇതു നിന്നെക്കൊണ്ടുതന്നെ കൊടുപ്പിക്കാം. അന്ത്രയോസ് ഈശോയുടെ അടുത്ത് വന്നപ്പോൾ അവർ അപ്പത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു.ആ സമയത്ത് ആ കുഞ്ഞിന്റെ കൈയിലെ അപ്പത്തിന്റെയും മീനിന്റെയും കാര്യം ആ ശിഷ്യൻ ഈശോയോടു പറഞ്ഞു.ഈശോ പറഞ്ഞതനുസരിച്ച് ശിഷ്യൻ കൊണ്ടു വന്നു.ഈശോ അതെടുത്ത് അവർക്ക്കൃതജ്ഞതാസ്തോത്രം ചെയ്ത് വിതരണം ചെയ്തു. അവിടെ പുരുഷന്മാർതന്നെ അയ്യായിരത്തോളം ഉണ്ടായിരുന്നു. അവർക്കെല്ലാം തൃപ്തി വരുവോളം കൊടുത്തിട്ടും മിച്ചംവന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ടയോളം ഉണ്ടായിരുന്നു. എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ഈശോ ആബേലിനെ അടുത്തുവിളിച്ച് അവന്റെ കാലുകൾക്കു സൗഖ്യം നൽകി. അങ്ങനെ അവന്റെ മുടന്തുമാറി. ഈശോ അവനോടു പറഞ്ഞു ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്ത് വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല. ഈശോ ഈ വചനങ്ങൾ പറഞ്ഞുകൊണ്ടിരുന്ന സമയത്തുതന്നെ വീട്ടിൽ കിടക്കയിലായിരുന്ന അവന്റെ അപ്പച്ചൻ സുഖം പ്രാപിച്ചു. ഈശോ തുടർന്നു പറഞ്ഞു. പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെ അടുത്തു വരാൻസാധിക്കുകയില്ല. ഇതെല്ലാം കേട്ട് സന്തോഷിച്ച കുഞ്ഞ് ഈശോയെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. നിർബന്ധത്തിനു വഴങ്ങി ഈശോ ആ വീട്ടിൽ ചെന്നു. സുഖം പ്രാപിച്ച തന്റെ അപ്പച്ചനും സന്തോഷക്കണ്ണീർ തൂകി നിൽക്കുന്ന അമ്മയും ഈശോയെ എതിരേൽക്കാൻ

വാതിൽക്കൽ വന്നു നിന്നു. ഈശോ അവരോടൊപ്പമിരുന്ന് ഭക്ഷിച്ചതിനു ശേഷം ശിഷ്യരുടെ അടുക്കലേക്കു തിരിച്ചുപോയി. ആ കുടുംബം മുഴുവൻ ഈശോയിൽ വിശ്വസിച്ചു. ഈശോയുടെ മരണശേഷവും ദിവ്യകാരുണ്യത്തിന്റെ പ്രഘോഷകരായി ആ കുടുംബം ജീവിച്ചു.



## അധ്യാപകൻ


ഭയപ്പെടുത്തുന്ന

മുഖമാണെൻ

അധ്യാപകനെന്ന്

പതിയെപ്പറ

ഗണിതമാഷിനെപ്പറ്റി




**എ**പ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്ന നദി നാലു വശങ്ങളിൽനിന്ന് വരുന്നതിനെയെല്ലാം ചേർത്തണച്ച് ഒഴഉകുന്നു. ഒന്നിനെയും പിറകോട്ട് തള്ളിവിടുകയോ പാർശ്വങ്ങളിലേക്കു മാറ്റി നിർത്തുകയോ ചെയ്യാതെ ചേർത്തുപിടിച്ച് ഒഴുകുന്ന നദിയമ്മ. എല്ലാറ്റിനെയും കുളിരണിയിച്ച്ആനന്ദം കൊല്ളിച്ച്ശാന്തമായി ലക്ഷ്യത്തിലേയ്ക്ക് ഒഴുകുന്ന നദിയമ്മ. ലക്ഷ്യം കടലമ്മ തന്നെ. പോകുന്നവഴി പാർശ്വങ്ങളിലുള്ളതിനെയെല്ലാം തട്ടി തലോടി നനച്ച് വളർത്തി കടന്നുപോകുന്നു. പ്രതിബന്ധങ്ങളിൽ ഒഴുക്കുനിലയ്ക്കുകയോ തിരിഞ്ഞൊഴുകുകയോ ചെയ്യുന്നില്ല.മറിച്ചുശത്തേക്കുമാറി ഒഴുകി അല്ലെങ്കിൽ കവിഞ്ഞൊഴുകി ലക്ഷ്യത്തിലേയ്ക്കുതന്നെ ശാന്തമായി, സ്വച്ഛമായി.........കൂടെയൊഴുകുന്നതിനെല്ലാം വിമലീകരിച്ച്കൊണ്ടു പോകുന്നു. നദിയമ്മ കൂടെ ഒഴുകി ക്കൊണ്ടാണ് വിമലീകരണം നടത്തുക.

നാഥാ ഞാനും നിത്യതയാകുന്ന സ്നേഹസമുദ്രത്തിലേയ്ക്ക് ഒരു നദിയായ് ഒഴുകട്ടെ. പ്രതിബന്ധങ്ങളിൽ പകച്ചു നിൽക്കാതെ, പിന്നോട്ടു പോകാതെ വരുന്നതിനെല്ലാം ചേർത്തുപിടിച്ച് ഒഴുകട്ടെ. ഒഴുകുന്ന വഴി കണ്ടുമുട്ടുന്നവർക്കെല്ലാം ആനന്ദക്കിന്റെ ആശ്വാസത്തിന്റെ കുളിരേകി തലോടി, നനച്ച്, വളർത്തി ലക്ഷ്യത്തിലേയ്ക്ക് കരുണാനദിയമ്മയാകാൻഒവുകിക്കൊണ്ടേയിരിക്കട്ടെ!



# കുട്ടിക്കവിത



## സ്കൂൾ

ഓടിട്ട

നീളമേറിയ
വരാന്തയും
ക്ലാസ്
മുറികളുമുള്ള
കെട്ടിടമല്ലെന്റെ
സ്കൂൾ
അച്ഛനാണെന്നു
മെന്നാദ്യ സ്കൂൾ



## വെള്ളം

ഭയമാണെനി-
ക്കിവനെ,
ഇന്ന്.......
വരും ജൂണിലു
മെത്തുമെൻ
പ്രിയരെ തേടി
ഭയപ്പെടുത്തി.




**നി**ത്യം കേൾക്കുന്നിതാ ഞാനങ്ങേ സ്വരം
നിത്യം അറിയുന്നിതാ അങ്ങെൻ സ്വരം
പേരു ചൊല്ലി വിളിച്ചു നീയെന്നുനമെൻ
മുൻപിൽ കാവലായ് പിൻകാവൽക്കാരനായ്
അറിയുന്നിതാ ഞാനെൻ ഇടയനെ
അനുഗമിക്കുന്നിതാ ഞാനെന്നിടയനെ
ആർദ്രസ്നേഹമാണെന്നുമെന്നിടയന്റെ
നിത്യഭാവമെന്നറിയുന്നു ഞാനിന്നും.
എന്നിടയനേ എന്റെ സർവ്വസ്വമേ
ജീവൻ അർപ്പിച്ചിടുന്ന മഹാനിധേ
ധിക്കരിച്ചങ്ങിൽ നിന്നകലുമീ കുഞ്ഞാടിൻ
ധിക്കാരം അങ്ങുതാൻ മാപ്പാക്കീടുന്നവൻ
മരുപ്പച്ചയിൽ വിസ്മൃതി പൂണ്ടു ഞാൻ

മുള്ളുകൾ കണ്ടു പിന്നെകാണാതെയും
മുറിയപ്പെട്ടുന്നൊരാ മാകമാം വേളയിൽ
മാത്രമേ ഞാനങ്ങേ തിരിച്ചറിഞ്ഞതുള്ളൂ.
എങ്കിലുമവിടുന്ന് കോരിയെടുത്തെന്റെ
കാതിൽ മെല്ലെ മന്ത്രിച്ചു, പ്രിയ കുഞ്ഞേ
കൗതുകമേകുമീ മരുപ്പച്ച ഭൂവിലും
മുള്ളുകൾ ഒളിച്ചിരിക്കുന്നു കാണുക
കാണുക കൺ തുറന്നു നീ ഓമനേ
നിന്റെ ലോകമീ മരുപ്പച്ചയെങ്കിലും
തിന്മയാകുന്നൊരീ മുൾപ്പടർപ്പുകൾ
കണ്ടിടാതെ നീ ഓടിക്കളിക്കല്ലേ
ഒരു വേള നിൻ രൂക്ഷമാം ദൃഷ്ടികൾ കൊണ്ടു നീ
ശാസിച്ചതേയില്ല ശിക്ഷിച്ചതുമില്ല
പകരമീകുഞ്ഞാടിൻ നേത്രത്തിലുതിരുമീ
അശ്രുകണങ്ങളെ മായ്ക്കുവാനാശിച്ചു.
മുള്ളുകൾ മെല്ലെ മാറ്റിയെടുത്തവൻ
പൊടിഞ്ഞു നില്ക്കുമാ രക്തകണങ്ങളെ
ഒപ്പിയെടുത്തവനാ നിമിഷം തന്നെ
ആശ്വസിപ്പിച്ചീടുന്നു നീ ആർദ്രമായ്.
വിസ്മയപ്പെടുത്തുന്നു നിത്യവും
നിൻ ക്ഷമാപൂർണ്ണ സാന്ത്വന ദൃഷ്ടികൾ
അകലങ്ങളിൽ അലയുമീകുഞ്ഞാടിൻ
വിസ്മയത്തുമ്പിലങ്ങോടിയണയവേ
നിൻ കരുണാർദ്രമാം കൈവിരൽ-

ത്തുമ്പിൽനിന്നുമകലുവാൻ എന്നെയും
അനുവദിക്കരുതേ എന്റെ ഇടയനേ
മുറുകെപ്പിടിച്ചു നീ കൂടെ നടത്തണേ
നിന്റെ സ്നേഹമാണെന്നും വലുതെന്റെ
മരുപ്പച്ചയേക്കാളും എൻ ജീവനേ
ആ സ്നേഹം മറക്കുന്ന വേളയിൽ
ഓർമ്മയായ് നീ എന്നെ തടയണേ
മേച്ചിൽ സ്ഥലത്തിലേയ്ക്കാനയിച്ചീടണേ
നിത്യം നീയാകും വാതിലിലൂടെന്നും
ഞാനെന്നുമങ്ങിൽ പ്രവേശിച്ചുകൊള്ളട്ടെ
ആ നിഴൽ മീതെ ഞാൻ സഞ്ചരിച്ചീടട്ടെ.
ചെന്നായ് വരുന്നതു കാണുന്ന നേരമെൻ
കാവലായ് വാതിലായ് കാവൽക്കാരനായ്
നല്ലിടയനേ കൂട്ടിനുണ്ടാകണേ
ചിതറിപ്പിരിയുവാൻ ഇടയാക്കീടല്ലേ നീ
എന്നിടയനേ എന്റെ സർവ്വസ്വമേ
ജീവൻ അർപ്പിച്ചീടുന്നമഹാനിധേ
നിൻ സ്വരം കേട്ടു ഞാൻ ചരിച്ചിടട്ടെ
ആ സ്വരം മാത്രമെൻ കാതിൽ മുഴങ്ങട്ടെ

# ജൂബിലി ഗാനം

ശതോത്തര രജത ജൂബിലി വർഷം നാടിൻ നന്മയ്ക്കായെന്നുംമിന്നിവിളങ്ങും
സെന്റ് മേരീസിൻഖ്യാതി ഇതെങ്ങും തെളിയട്ടെ
ശതാബ്ദി ജൂബിലിആഘോഷിക്കാംഎൽ.പി. ഗേൾസിൻ
ഓർമ്മകഴളിൽആഹ്ളാദിക്കാം അനുമോദിക്കാംഇവിടെ വളർത്തും പൂവുകളെ

മുന്നേറാം ഇനിയും മുന്നേറാം സെന്റ് മേരീസ് നാടിൻ അറിവിന്നായ്
അജ്ഞതയിൽ ഒരു മെഴുതിരിയായി ആപത്തിൽ നീളും കൈത്താങ്ങായ്

സെന്റ് മേരീസ് അമ്മയായ് സ്നേഹ സാന്ത്വന പുണ്യമായ
ജൂബിലി ശതാബ്ദി ജൂബിലി
ജൂബിലി ശതോത്തര ജൂബിലി (2)

തെളിനീരുറവ തെളിച്ചുതന്ന മാതാവിൻ തിരു സന്നിധിയിൽ
പടുത്തുയർത്തിയ പള്ളിക്കൂടം തെളിച്ചുതന്നഈ അറിവുറവ (2)
കുറവിലങ്ങാട്ട് നിന്നു ജ്വലിച്ചി ലോകം മുഴുവൻ പ്രഭ ചൊരിയും

മുന്നേറാം ഇനിയും മുന്നേറാം സെന്റ് മേരീസ് നാടിൻ അറിവിന്നായ്
അജ്ഞതയിൽ ഒരു മെഴുതിരിയായി ആപത്തിൽ നീളും കൈത്താങ്ങായ്
ശതോത്തര രജത .........................

ക്രാന്തദർശിയായി എരിഞ്ഞ വൈദികശ്രേഷ്ഠൻ പലനാളിൽ
നാടിൻ അജ്ഞതദ മാറ്റീടാനായ് പണുതുയർത്തിയ സൗധമിതാ (2)
സീറോ മലബാർസഭയുടെ പ്രേഷിത രംഗമിതിങ്ങനെ വളരുന്നു
ശതോത്തര രജത ........................

കഥ

# പെനുവേൽ

Rose

**എ**തിരേ വന്ന കുഷ്ഠരോഗിയെ ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് അഴുകിയ മുറിവുകളിൽ സ്നേഹപൂർവ്വം ചുംബിച്ച വേളയിൽ മുറിവുകൾ ഒന്നൊന്നായി ഉണങ്ങിയപ്പോൾ ആ യുവാവ് വിസ്മയഭരിതനായി. എന്നാൽ ഉണങ്ങാതെ നിന്ന അഞ്ചു മുറിവുകൾ അയാളിൽ ദൈവദർശനത്തിന് വഴിയൊരുക്കി. തന്റെ മുമ്പിൽ പഞ്ചക്ഷതങ്ങളോടുകൂടി നിന്ന കർത്താവിനോട് പ്രാർത്ഥിക്കുകയാണ്.ദൈവമേ, മുറിവേറ്റവരിൽ ക്രൂശിതനായ നിന്റെ തിരുമുഖം കാണാനുള്ള കൃപയേകണമെന്ന്. കുഷ്ഠരോഗിയിൽ പോലും ക്രൂശിതനായ കർത്താവിനെ കണ്ടെത്തിയ വിശുദ്ധനാണ് രണ്ടാം ക്രിസ്തു എന്നറിയപ്പെട്ട അസ്സീസിയിലെ വി.. ഫ്രാൻസീപെനുവേൽസ്. മറ്റുള്ളവരാൽ ഉപേക്ഷിക്കപ്പെട്ടവരിലും, രോഗികളിലും, വേദനിക്കുന്നവരിലും ഒക്കെ ജീവിക്കുന്ന കർത്താവിനെ കാണാൻ സാധിക്കുന്നത് ആഴമായ വിശ്വാസത്തിലൂടെയാണ്. ഇങ്ങനെയുള്ള ഒരു വ്യക്തിക്ക് മാത്രമേ അവരെ ശുശ്രൂഷിക്കാനും സഹായിക്കാനും സാധിക്കൂ. നമ്മുടെ ഓരോ നിസ്സാര പ്രവർത്തിയും കർത്താവിന്റെ മുമ്പിൽ വിലപ്പെട്ടതാണ്. അവിടുന്ന് തിരുവചനത്തിൽ ഇപ്രകാരം പറയുന്നു. "ഈ ചെറിയവരിൽ

ഒരുവന് സിഷ്യന് െന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ല." (Mt:10:42) മനുഷ്യനോടുള്ള അനന്തമായ സ്നേഹത്തെ പ്രതി സ്വയം മുറിഞ്ഞ് തിരുവോസ്തിയുടെ രൂപത്തിലായ ദൈവപുത്രൻ. ഈശോ ഇന്നു ജീവിക്കുന്നത് നമ്മിലൂടെയാണ്. അവിടുന്ന് തന്റെ അനന്തമായസ്നേഹവും കരുണയും ഒഴുക്കുന്നത് എന്നിലൂടെയാണ്.

ഞാൻ പത്താം ക്ളാസിൽ പഠിക്കുന്ന സമയത്ത് വികലാംഗരായ കുട്ടികളെയും ആരോരുമില്ലാതെ തെരുവിൽ കഴിയുന്ന കുട്ടികളെയും താമസിപ്പിച്ചിരുന്ന ഭവനം സന്ദർശിക്കാൻ ഇടയായി. അന്ന് അവിടെ വച്ച് എന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു സ്വരം കേട്ടു. നീ എനിക്കുവേണ്ടി ഇവരെ ശുസശ്രൂഷിക്കുമോ? കാരുണ്യത്തിന്റെ സ്നേഹിതയാകാൻ തയ്യാറാണോ? മുറിവേറ്റവർക്ക് സ്വാന്തനമേകി എന്റെ സ്നേഹം പകർന്നുകൊടുക്കാൻ നീ വരുമോ? ആ സ്വരത്തിനു പ്രത്യുത്തരമേകി , അവിടുത്തേക്കുവേണ്ടി സ്വയം സമർപ്പിച്ച്, അഗതികളുടെ സഹോദരിമാരുടെ സന്യാസസമൂഹത്തിൽ ചേർന്ന് നാഥന്റെ സ്വന്തമായി. കുറച്ച് കാലങ്ങൾക്ക് ശേഷം വികലാംഗരായ കുട്ടികളെ ശുശ്രൂഷിക്കാൻ കിട്ടിയ അവസരങ്ങളിൽ കൈകാലുകൾ ഇല്ലാത്തവർക്ക് ഈശോയുടെ കൈകളും കാലുകളും ആകുവാൻ തമ്പുരാൻ അവസരം നൽകി.

ഒരിക്കൽ ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയെ കണ്ടുമുട്ടുവാൻ ഇടയായി. അവൾക്ക് ചെവി കേൾക്കില്ല. അവളുടെ കേൾവി വീണ്ടെടുക്കുവാൻ വേണ്ടി ആ

മാതാപിതാക്കൾ തങ്ങളുടേതായ രീതിയിൽ എല്ലാ പരിശ്രമവും നടത്തി. ഒരു ഫലവും ലഭിച്ചില്ല. ആകെ നിരാശയിൽ ആയിരിക്കുന്ന അവസ്ഥയിലാണ് ഞാൻ അവരെ കാണുന്നത്. ഞാൻ ആ കുട്ടിയെ ഒരു ആശുപത്രിയിൽ പരിശോധന നടത്തുവാൻ പറഞ്ഞയച്ചു. കുട്ടിക്ക് ഒരു ഓപ്പറേഷൻ ചെയ്താൽ കേൾവി കുറച്ചെങ്കിലും ലഭിക്കുമെന്ന് മനസ്സിലായി. അതിനുവേണ്ട സഹായം ചെയ്തുകൊടുക്കുവാൻ സാധിച്ചു. അങ്ങനെ എട്ടു ലക്ഷത്തോളം രൂപ വരുന്ന ഒരു ഓപ്പറേഷൻ പലരുടെ സഹായത്താൽ ചെയ്യുവാൻ കഴിഞ്ഞു. അതിനു ശേഷം ഞാൻ ആ മാതാപിതാക്കളെ കാണുവാൻ ഇടയായി. അവരുടെ ഉള്ളിന്റെ ഉള്ളിലെ സന്തോഷം മുഖത്ത് പ്രകടമായിരുന്നു. അവർ എന്നോടു പറഞ്ഞു. സിസ്ററിലൂടെ യേശുപെനുവേൽവിന്റെ സ്നേഹം ഞങ്ങൾ തിരിച്ചറിഞ്ഞു. ഈശോയാണ് സിസ്ററിനെ ഞങ്ങൾക്കു കാണിച്ചുതന്നത്. ഒത്തിരി നന്ദി പറഞ്ഞ് ആ മാതാപിതാക്കൾ തിരിച്ചുപോയി. അന്ന് രാത്രിയിൽ പ്രാർത്ഥിക്കാനായി ദേവാലയത്തിൽ ആയിരുന്നപ്പോൾ ഈശോ എന്നോടു പറഞ്ഞു. എന്റെ സ്നേഹം നിന്നിലൂടെ അവർ തിരിച്ചറിഞ്ഞു. നിന്നിലൂടെ എന്നെ അവർ ദർശിച്ചു. നീ എന്നെ എല്ലാദിവസവും ഉൾക്കൊണ്ടതു കൊണ്ട് മാത്രം പോരാ. നിന്നിലൂടെ ഞാൻ ജീവിക്കുമ്പോഴാണ് നീയും യഥാർത്ഥ ദിവ്യകാരുണ്യമായി മാറുന്നത്. മറ്റുള്ളവർക്കുവേണ്ടി മുറിയപ്പെടാനും രക്തം ചിന്താനുമാണ് ഓരോ സമർപ്പിതയും വിളിക്കപ്പെട്ടിരിക്കുന്നത്. സ്വയം മുറിഞ്ഞ് ഇല്ലാതായവന്റെ മണവാട്ടിയായ സമർപ്പിത അവിടുത്തെപ്പോലെ അനുദിനവും

ജീവിതമാകുന്ന ബലിപീഠത്തിൽ ബലിയർപ്പിച്ച് മറ്റൊരു വി. കുർബാനയായി മാറിക്കൊണ്ട് സ്നേഹത്തിന്റെയും സേവനത്തിന്റെയും രക്ഷയുടെയും, കരുണയുടെയും മുഖമായവനെ അനേകർക്കു പകർന്നുകൊടുക്കണം. ദൈവത്തെ ഞാൻ മുഖത്തോടു മുഖം കണ്ടെന്നു പറഞ്ഞ് യാക്കോബ് ആ സ്ഥലത്തിനു പേരിട്ടു. പെനുവേൽ- ദൈവത്തിന്റെ മുഖം. ഒരു അഗതി സഹോദരി എന്ന നിലയിൽ ദൈവത്തെ മുഖത്തോടു മുഖം കാണുന്നത് അവളുടെ പ്രേഷിതമേഖലയിലാണ് കാരണം അഗതികളിൽ യേശുവിനെക്കണ്ട് ശുശ്രൂഷിക്കണം എന്ന് ധന്യൻ വർഗീസ് പയ്യപ്പള്ളി അച്ചന്റെ വാക്കുകൾ ഓരോ അഗതീ മക്കളേയും ശുശ്രൂഷിക്കുന്ന അവസരങ്ങളിൽ മനസ്സിലേക്ക് ഉയർന്നു വരാറുണ്ട്. മുഖമില്ലാത്തവരിൽ നാം കണ്ടെത്തേണ്ടതും ഇതുതന്നെയാണ്. മറ്റുള്ളവർ എന്നിൽ ദർശിക്കേണ്ടതും ദൈവത്തിന്റെ മുഖമാകണം. അങ്ങനെ ആകാൻ വിളിക്കപ്പെട്ടവരാണ് ഓരോ സമർപ്പിതയും.




## ആഫ്രിക്കന് തവളയുടെ മൂലകോശത്തില് നിന്ന് റോബട്.



ഇതാ ജീവനുള്ള റോബട് മണൽ ത്തരിയുടെ വലിപ്പമേയുള്ളൂ സെനോബോട്ടിന്. റോബെട്ടെന്നോ ജീവിയെന്നോ വിളിക്കാനാവില്ല.ഭ്രൂമിയിൽ ജീവന്റെ പുതിയ ര്രൂപമെന്നാണ് സാസ്ത്രജ്ഞര് ഇതിനെ വിശേഷിപ്പിക്കുന്നത്. മനുഷ്യ ശരീരത്തിനുള്ളിൽ ഓടിനടന്ന് പ്രത്യേക ഭാഗത്തോ അവയവങ്ങളിലോ മരുന്നെത്തിക്കാനും രക്തധമനികളിലെ തടസ്സം നീക്കാനും വെള്ളത്തിലെ പ്ലാസ്ററിക് ഉൾപ്പെടെയുള്ള സൂക്ഷ്മമാലിന്യങ്ങൾ നീക്കാനും സെനോബോട്ട് ഉപയോഗിക്കാം. യുഎസിലുള്ള മാസച്യൂസിറ്റ്സിലുള്ള ടഫ്റ്റ്

യൂണിവേഴ്സിറ്റിയിലെയും യൂണിവേഴ്സിറ്റി ഓഫ് വെർമോണ്ടിലെയും ശാസ്ത്രജ്ഞർ നടത്തിയ ഗവേഷണമാണ ശാസ്ത്രലോകത്തെ കുതിച്ചുചാട്ടത്തിന വഴിയൊരുക്കാവുന്ന കണ്ടുപിടിത്തത്തിലേക്കു നയിച്ചത്.

ആഫ്രിക്കൻ തവളയുടെ ഹൃദയത്തിൽ നിന്നും ചർമ്മത്തിൽ നിന്നുമുള്ള മൂലകോശങ്ങൾ എടുത്തു നിർമ്മിച്ച സെനോബോട്ട് ജീവനുള്ള പ്രോഗ്രാം ചെയ്യാവുന്ന യന്ത്രമാണ്. പ്രോഗ്രാം ചെയ്യുന്നത് കോശങ്ങളെത്തന്നെയാണെന്ന മാത്രം. ഇവയെ രണ്ടായി മുറിച്ചാൽ നിമിഷങ്ങൾക്കകം കൂടിച്ചേർന്ന് പഴയരൂപത്തിലാകും. 7 ദിവസം മാത്രം ആയുസ്സുള്ള ഇവ ദൗത്യം അവസാനിപ്പിച്ചു കഴിഞ്ഞാൽ പ്രകൃതിയിൽ അലിഞ്ഞുചേരുകയും ചെയ്യും. ഈ ജീവിതചക്രം പൂർത്തിയാക്കാൻ വേണ്ട ഊർജ്ജം സെനോബോട്ടിന്റെ ശരീരത്തിൽത്തന്നെയുണ്ട്.

## വിഷം തിന്നുന്ന മലയാളി

കാബേജ് കൃഷി വിളവെടുപ്പ് കഴിഞ്ഞ വയലിൽ നിലമുഴവാൻ വേണ്ടി കൊണ്ടു വന്ന കാളയുടെ വായ മൂടിക്കെട്ടിയതിന്റെ കാരണമന്വേഷിച്ചപ്പോഴാണ് എത്ര മാത്രം മാരക കീട നാശിനി ആ കൃഷിയി. ഉപയോഗിക്കുന്നുണ്ടെന്ന് നേരിട്ട് ബോധ്യപ്പെട്ടത്. നിലമുഴുന്നതിനിടെ വയലിൽ കിടക്കുന്ന കാബേജിന്റെ അവശിഷ്ടങ്ങൾ കാളകൾ ഭക്ഷിക്കാതിരിക്കാൻ

വേണ്ടിയാണ് പ്രത്യേകമായ ഒരു വലകെട്ടിക്കൊടുത്തിരിക്കുന്നത്. വിദ്യാ സമ്പന്നരും ബുദ്ധിജീവികളുമെന്ന് സ്വയം അഹങ്കരിക്കുന്ന കേരളീയരെ ഇതര സംസ്ഥാനക്കാർ എങ്ങനെവഞ്ചിക്കുന്നു എന്നതിന്റെ ഒരു ഉദ്ദാഹരണം . കർണ്ണാടകയിൽ നിന്നുള്ള ദൃശ്യം.






ജലദോഷപ്പനി മുതൽ സിവിയർ അക്യൂട് റെസ്പിരേറ്ററി സിൻഡ്രോം ,മെർസ് എന്നിവ വരെ യുണ്ടാക്കാൻ ഇടയാക്കുന്ന ഒരു കൂട്ടം വൈറസുകളാണ് കൊറോണ വൈറസുകൾ. ഇപ്പോൾ കമ്ടെത്തിയിരിക്കുന്നത് നോവോ. കൊറോമ വൈറസുകൽ ആണ്. ഇത് ആദ്യമായാണ് മനുഷ്രിൽകാണുന്നത്.

മൃഗങ്ങൾക്കിടയിൽ ഇത് കണ്ടുവരുന്നുണ്ട്. സൂണോട്ടിക് എന്നാണ് ശാസ്ത്രജ്ഞർ ഇതിനെ വിശേഷിപ്പിക്കുന്നത്. അതായത് ഇത്തരം വൈറസുകൾ മൃഗങ്ങളിൽനിന്ന് മനു,്യരിലേക്ക് പകരുന്നവയാണ് എന്നർത്ഥം. ഇവ ശ്വാസനാളിയെയാണ് ബാധിക്കുന്നത്. ജലദോഷവും ന്യൂമോണിയയുമൊക്കെയാണ് ഈ വൈറസ് ബാധയുടെ ലക്ഷണങ്ങൾ. രോഗം ഗുരുതരമായാൽ സാർസ്, ന്യൂമോണിയ, വൃക്കസ്തംഭനം എന്നിവയുണ്ടാകാം. മരണവും സംഭവിക്കാം. ചൈനയിൽ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്

ഇവയിൽ നിന്നും അല്പം വ്യത്യസ്തനായ ജനിതകമാറ്റം വന്ന പുതിയ തരം കൊറോണ വൈറസാണ്.

**ലക്ഷണങ്ങൾ**

സാധാരണ ജലദോഷപനിയെ പോലെ ശ്വാസകോശനാളിയെയാണ് ഈ രോഗം ബൈധിക്കുന്നത്. മൂക്കേലിപ്പ് ,ചുമ തൊണ്ടവേദന, തലവേദന, പനി തുടങ്ങിയവയാണ് ലക്ഷണങ്ങൾ. ഇവ ഏതാനും ദിവസങ്ങൾ നീമ്ട്ടുനിൽക്കും. പ്രതിരോധ വ്യവസ്ഥദുർബലമായവരിൽ അതായത് പ്രായമായവരിലും ചെറിയകുട്ടികളിലും വൈറസ് പിടി മുറുക്കും. ഇതുവഴി ഇവരിൽ ന്യൂമോണിയ, ബ്രോങ്കൈറ്റിസ് പോലുള്ള ശ്വാസകോശരോഗങ്ങൽ പിടികൂടും.

കൊറോണ വൈറസ് ശരീരത്തിൽ പ്്രവേശിച്ചാൽ 14 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ കാണും. 14 ദിവസമാണ് ഇൻക്യുബേഷൻ പിരിയഡ് എന്നറിയപ്പെടുന്നത്. വൈറസ് പ്രവർത്തിച്ചുതുടങ്ങിയാൽ രണ്ടോ, നാലോ ദിവസം വരെ പനിയും ജലദോഷവുമുണ്ടാകും.

**വൈറസ് പടരുന്നത്.**

ശരീര സ്രവങ്ങലിൽ നിന്നാണ് രോഗം പടരുന്നത്. തുമ്മുമ്പോഴും ചുമയ്ക്കുമ്പോവും വായിൽനിന്ന് പുറത്തേക്കു തെറിക്കുന്ന സ്രവങ്ങളുടെ തുള്ളിയിൽവൈറസുകൾ ഉണ്ടായിരിക്കും. വായും മൂക്കും മൂടാതെ തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ഇവ വായുവിലേക്ക് പടരുകയും അടുത്തുള്ളവരിലേക്ക് വൈറസുകൾ എത്തുകയും ചെയ്യുന്നു.

വൈറസ് സാന്നിദ്ധ്യമുള്ളയാളെ സ്പർശിക്കുമ്പോഴും അയാൾക്ക് ഹസ്തദാനം ചെയ്യുമ്പോഴും രോഗം മറ്റൊരാളിലേക്കു പകരാം . വൈറസ് ബാധിച്ച ഒരാൾ തൊട്ട വസ്തുക്കളിൽ വൈറസ് സാന്നിദ്ധ്യം ഉണ്ടാകാം. ആ വസ്തുക്കവ്വ മറ്റൊരാൾ സ്പർശിച്ചാൽ ആ കൈകൾ കൊണ്ട് മൂക്കിലോ കണ്ണിലോ തൊട്ടാൽ രോഗം വരാം.

**ചികിൽസ**

കൊറോണ വൈറസിനു കൃത്യമായ ചികിൽസയില്ല. പ്രതിരോധ വാക്സിനും ലഭ്യമല്ല. രോഗം തിരിച്ചറിഞ്ഞാൽ രോഗിയെ മറ്റുള്ളവരിൽനിന്നു മാറ്റി isolate ചെയ്താണ് ചികിൽസ നൽകേണ്ടത്. പകർച്ചപ്പനിക്കു നൽകുന്നതുപോലെ ലക്ഷണങ്ങൾക്കനുസരിച്ചുള്ള ചികിൽസയാണ് നൽകുന്നത്. വിശ്രമം വേണം. ധാരാളം വെള്ളം കുടിക്കണം.

**കൊറോണ വൈറസ്**


# കവിത

( Aldrin benny)

കേരളമെന്നൊന്നു കേട്ടാലുടൻ തന്നെ
കാർക്കിച്ചു  തുപ്പും  മനുഷ്യരെല്ലാം
അങ്ങനെ ഉള്ളോരു നാട്ടിൽ
തന്നെയാ പ്രളയത്തിൽ നൃനുവരവുതന്നെ ഒന്നിച്ചുനിന്നതു
കൊണ്ടു നമ്മുടെ
ജീവൻ ഇവിടെ നിലനിൽക്കുന്നു സത്യം
നമ്മുടെ കഷ്ഠപ്പാടുകൾ കാരണം
ദൈവം അയച്ചോരു മാലാഖായാമൊരു
മത്സ്യത്തൊഴിലാളി എത്തി രക്ഷകനായി
നമ്മുടെ നന്ദി അവൻ അവനു നൽകി നാം
ഒന്നായി നാം ഇന്നു ജീവിക്കു
കേരളമെന്ന കേട്ടാലുടൻ തന്നെ
അഭിമാനം കൊണ്ടു നിറഞ്ഞു മാനവർ.



ലേഖനം



# ജീവലോകത്തെ

## പരസ്പരാശ്രയത്വം


**വൈ**വിധ്യമാർന്ന് സസ്യ-ജന്തുജാലങ്ങൾകൊണ്ട് സമ്പന്നമാണ് നമ്മുടെ ഭൂമി. ഈ വൈവിധ്യമാണ് പ്രകൃതി ആഗ്രഹിക്കുന്നതും. അതിനെ മനോഹരിയാക്കുന്നതും. ജീവമണ്ഡലത്തിൽ ജീവിയഘടകങ്ങളും അജീവിയഘടകങ്ങളുമുണ്ട്. ജീവിയഘടകങ്ങളായ സസ്യങ്ങളുടെയും ജന്തുക്കളുടെയും നിലനിൽപ്പിന് അജീവിയഘടകങ്ങളായ വായു,ജലം,മണ്ണ് എന്നിവ അത്യന്താപേക്ഷിതമാണ്. ഈ ഘടകങ്ങളുടെ പരസ് പരാശ്രയബന്ധം പ്രകൃതിയിൽ

സന്തുലിതാവസ്ഥനിലനിൽക്കുവാൻ ആവശ്യമാണ്. സസ്യങ്ങളും ജന്തുക്കളും സൂക്ഷമജീവികളും അടങ്ങിയ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. പ്രകൃതിയിൽ ഒരു ജീവിക്കും മറ്റൊരു ജീവിയെ ആശ്രയിക്കാതെ നിലനിൽക്കാനാവില്ല. എല്ലാ ജീവികളും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ പരസ്പരാശ്രുത്വത്തിലൂടെ ജീവിക്കുന്നു. നമുക്ക് ഈ അദ്ധ്യായത്തിലൂടെ പ്രകൃതിയിലെ ജീവജാലങ്ങൾ പരസ്പരവും പ്രകൃതിയുമായും നിലനിർക്കുന്ന ഒരു സഹകരണത്വത്തിലൂടെ നിലനിർക്കുന്നതെന്ന് മനസ്സിലാക്കാം.

ജീവലോകത്തെ വൈവിധ്യം ആരെയാണ് അത്ഭുതപ്പെടുതാത്തത്. സസ്യങ്ങൾ, മൃഗങ്ങൾ,പക്ഷികൾ, പ്രാണികൾ ,മത്സ്യങ്ങൾ, ഇഴജന്തുക്കൾ ,സൂക്ഷമജീവികൾ - അങ്ങനെ ഏതെല്ലാം ജീവികളെക്കൊണ്ടാണ് ജീവലോകം നിറഞ്ഞുനിൽക്കുന്നത്.

വായു,മണ്ണ്,ജലം, സൂര്യപ്രകാശം എന്നിവ അജിവീയഘടകങ്ങളും (Abiotic factors)സസ്യങ്ങൾ, ജന്തുക്കൾ, എന്നിവ പ്രകൃതിയിലെ ജീവിയഘടകങ്ങളുമാണ് (Biotic factors). ഒരു ആവാസവ്യവസ്ഥയിലെ അജീവിയഘടകങ്ങളും ജീവിയഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അജിവീയഘടകമായ പ്രകാശം ഹരിതസസ്യങ്ങൾ പ്രകാശസംശ്ലേഷണത്തിന് പ്രയോജനപ്പെടുത്തുന്നു.

സസ്യങ്ങളും ജന്തുക്കളും ശ്വസനത്തിന് ഓക്സിജൻ ഉപയോഗിക്കുന്നു. CO2 സസ്യങ്ങൾ പ്രകാശസംശ്ലേഷണത്തിനു പ്രയോജനപ്പെടുത്തുന്നു. പ്രകാശസംശ്ലേഷണത്തിനും പരാഗണത്തിനും വിത്തുവിതരണത്തിനും ജലം ഉപകരിക്കുന്നു. എല്ലാ ജന്തുക്കളുടെയും സസ്യങ്ങളുടെയും നിലനിൽപ്പിന് ജലം അത്യന്താപേക്ഷിതമാണ് . ജന്തുക്കളുടെ ശരിരോഷ്മാവ് നിലനിർത്താൻ ജലം അത്യാവശ്യമാണ് . ജലം ബാഷ്പീകരിക്കുന്നതിനും ജന്തു ശരീരത്തിലെ വിവിധ ഉപാപചയപ്രവർത്തനങ്ങളുടെ വേഗത വർദ്ധിക്കുന്നതിനും താപം സഹായിക്കുന്നു.വളർച്ച, ഊർജോത്പാദനം ,പ്രത്യുത്പാദനം എന്നിവയ്ക്കായി എല്ലാ ജീവികളും പോഷകങ്ങൾ വിനിയോഗിക്കുന്നു.






ലഹരി വസ്തുക്കൾ സങ്കീർണ്ണമായ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആരോഗ്യം ,സംസ്കാരം, സമ്പത്ത്,പഠനം, മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരിവസ്തുക്കളെ കണിശമായും വർജ്ജിക്കണം.

ലോകത്ത് പത്തിലൊരാൾ എന്ന ക്രമത്തിൽ പ്രതിവർഷം അമ്പതുലക്ഷത്തോളം പേരുടെ മരണത്തിന് കാരണമാകുന്ന അതീവ മാരകമായ ലഹരിപദാർത്ഥമാണ് പുകയില. പുകയിലയുടെ ഉപയോഗം പ്രധാനമായും രണ്ടു രീതിയിലാണ്.

. പുകവലി (Tobacco smoking)

. പുകരഹിത പുകയില ഉപയോഗം (Use of smokeless tobacco)



പുകയിലയിൽ ഒട്ടേറെ ദോഷകരവും മാരകവുമായ രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു. നിക്കോട്ടിൻ, ടാർ, ബെൻസോപൈറീൻ, കാർബൺമോണോക്സൈഡ്, ഫോർമാൽഡിഹൈഡ്, ബെൻസീൻ , ഹൈഡ്രജൻ സയനൈഡ്, കാഡ്മിയം, അമോണിയ, പ്രൊപ്പലീൻ ഗ്ലൈക്കോൾ എന്നിവ അവയിൽ ചിലതാണ് .


പുകയിലയുടെ ഫലങ്ങൾ

.വിട്ടുമാറാത്ത ചുമ .

.രക്തംചംക്രമണം ,രക്തസമ്മർദം എന്നിവയിലുണ്ടാകുന്ന പ്രശനങ്ങൾ.

.ഹൃദരോഗം.

.നാവ്, വായ,തൊണ്ട,സ്വനപേടകം, ശ്വാസകോശം, അന്നനാളം ,ആമാശയം, പാൻക്രിയാസ്, കരൾ എന്നിവയെ ബാധിക്കുന്ന ക്യാൻസർ .





.ശ്വാസകോശരോഗങ്ങളായ ക്ഷയം, ബ്രോങ്കൈറ്റിസ്, എംഫിസീമ, ക്രോണിക്, ഒബ്സ്ട്രക്റ്റീവ് പൾമനറി ഡിസീസ് തുങ്ങിയവ

. വായ്ക്കുള്ളിലെ രോഗങ്ങളായ പെരിയോഡോൺഡൈറ്റിസ് , പല്ലുകളിലെ നിറം മാറ്റം, പോടുകൾ , വായ്നാറ്റം, അണുബാധ തുടങ്ങിയവ.

. പുകവലി ലൈംഗിക-പ്രത്യുൽപ്പാദനശേഷി കുറയ്ക്കുന്നു. പുകവലിക്കാരായ സ്ത്രീകളിൽ ഗർഭസ്ഥശിശുക്കളുടെ ആരോഗ്യക്കുറവിനും ഇത് കാരണമാകുന്നു.



# കുട്ടിക്കവിതകൾ



## സൂര്യൻ

സൂര്യൻ എന്തെന്നറിയാത്ത
മടിയൻ ഞാൻ
കാരണം
ഞാൻ ഉണരും മുൻപേ
**അവൻ ഉണർന്നിരിക്കും**



## പൂന്തോട്ടം

നിരയായി അടുക്കിവെച്ച
പുഷ്പമേളയിലുള്ള
ഉദ്യാനത്തേക്കാൾ
ഭംഗിയുണ്ടെൻ
തൊടിയിൽ
വളരുന്ന
ഇത്തിരിയായൊരു
തുമ്പപ്പൂവിന്.



## ഉത്സവം

ചെണ്ടയും
ഭംഗിയേറും
ബലൂണും
കളിത്തോക്കും
കുപ്പിവളകളും തേടി
വാണിഭക്കടകൾ
കയറിയിറങ്ങാറില്ല
ഞാനിന്നുത്സവത്തിന്
കാരണമെൻ
മക്കളിന്ന്
മൊബൈൽ ഫോണിന്റെ
പിടിയിലാണ്.




## കൂട്ടുകാർ

എൻ കൂട്ടുകാരന്റെ
മുഖമെനിക്കറിയില്ല
കാരണം
എന്റെ കൂട്ടുകാരെല്ലാം
e- friends ആണ്.

**Abhinav Jayan 9 B**





## ചെടികൾ

എൻ മുറിക്കുള്ളിൽ
ഹരിതവർണ്ണമുള്ള
ചെടികൾ ഒന്നും വളരില്ല.
കാരണം
എൻ ചെടികളെല്ലാം
ഭംഗിയേറും
പ്ളാസ്റ്റിക്കിനാലാണ്.



നന്ദി